**Seventh Volume**

# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church**, 611 Maple St., Maywood, IL 60153
**St. Mary's Knanaya Catholic Church**, 7800 W. Lyons St., Morton Grove, IL 60053
September 25, 2011, Volume 7, Issue 1
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

WE HAVE SUCCESSFULLY PUBLISHED OUR PARISH BULLETIN EVERY SUNDAY FOR THE PAST SIX YEARS WITHOUT INTERRUPTION. THANK YOU FOR ALL YOUR SUPPORT.

All past issues are available at our website as a historical document of our parishes.



## വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുഴുകി ജീവിച്ച് പാവപ്പെട്ടവരിലൂടെ ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ സെപ്തംബർ 25ന് ഞായറാഴ്ച നമ്മുടെ രണ്ടു പള്ളികളിലും ആഘോഷിക്കുന്നു. വിശുദ്ധ കുർബാനയ്ക്കു മുമ്പായി വിശുദ്ധന്റെ തിരുസ്വരൂപം ആശീർവ്വദിക്കുന്നതും ലദീഞ്ഞു നടത്തുന്നതുമാണ്.

തിരുനാൾ പ്രസുദേന്തിമാർ നമ്മുടെ ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനാംഗങ്ങളാണ്. അന്നത്തെ നേർച്ച സമർപ്പണം നമ്മുടെ അതാത് ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു നല്കുന്നതാണ്. സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയിലേയ്ക്കു പ്രായഭേദമന്യേ പുതിയ അംഗങ്ങൾക്ക് ചേരാവുന്നതാണ്.






Photos above: Vocation Camp for youth of our both parishes held at St. Mary's Church.

## STAFF

Pastor / vicar: Fr. Abraham Mutholathu Jacob
5212W. Agatite Ave., Chicago, IL 60630.
(773) 412-6254 (cell) mutholath2000@yahoo.com
Associate Pastor: Fr. Saji Pinarkayil: 224-659-6586
589 N. Willow Rd., Elmhurst, IL 60126.
sajipinarkayil@gmail.com
*www.knanayaregion.us/chicago*

**FOR HALL BOOKINGS**
Sacred Heart: Joy Vachachira 630-416-7248
St. Mary's: Polson Kulangara 847-207-1274

**FOR SACRISTANS**
Sacred Heart: Binoy Kizhakkanadyil312-513-2361
St. Mary's: Sr. Xavier S.V.M. 847-603-8881 (Convent)
For list of other volunteers / upcoming events, visit:
*www.knanayaregion.us/chicago/staff.htm*
*www.knanayaregion.us/chicago/calendar.htm*

## HOLY MASS

SUNDAY 10:00 A.M. and 11:40 A.M. (English) at Sacred Heart and St. Mary's Churches.
5:30 P.M. at St. Mary's Church.
MONDAY - THURSDAY 7:00 P.M. St. Mary's.
FRIDAY 6:00 P.M. at St. Mary's & 7:00 P.M. at Sacred Heart.
SATURDAY 10:00 A.M. at both churches.

## RELIGIOUS EDUCATION

ON SUNDAYS 10:00 A.M. to 11:30 A.M. at both churches.

## ADORATION

First Fridays after Mass at both churches.
Every Saturday from 11:00 A.M. to 5:00 P.M. at St. Mary's.

## NOVENAS

B.V. Mary after Saturday 10:00 A.M. Mass at both churches.
St. Jude on Thursdays at 7:00 P.M. at St. Mary's.
St. Michael 3rd Friday of the month after 7:00 P.M. Mass at Sacred Heart.

## PRAYER GROUP

Sundays after 10:00 A.M. Mass at both churches.

## ROSARY

Mon. - Thurs. 6:30 P.M. & Friday at 5:30 P.M. at St. Mary's.

## ST. VINCENT DE PAUL SOCIETY

Sundays after 10:00 A.M. Mass at both churches.

## LEGION OF MARY

Every Saturdays after Mass at Sacred Heart.
Every Thursday after 7:00 P.M. Mass at St. Mary's.




**September 2011**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | |

### FRIDAY, SEPTEMBER 23, 2011
Holy Mass at St. Mary's at 6:00 P.M.
Holy Mass at Sacred Heart at 7:00 P.M.
St. Xavier Koodara Yogam at 7:00 P.M. at the house of Alex Thekkanattu, 1417 Carol St., Park Ridge. 847-962-4153.

### SATURDAY, SEPTEMBER 24, 2011
Holy Mass and Novena at both churches at 10:00 A.M.

### SUNDAY, SEPTEMBER 25, 2011
Feast Celebration of St. Vincent de Paul at both churches at 10:00 A.M. by St. Vincent de Paul Society.
Holy Mass and Religious Education Classes at St. Mary's and Sacred Heart at 10:00 A.M.
English Holy Mass at 11:40 A.M. at both churches.
Holy Mass at St. Mary's Church at 5:30 P.M.
St. Augustine Koodara Yogam at the house of Joy Pullorkunnel, 557 N. Kenilworth Ave., Elmhurst. 630-290-4178.

### MONDAY, SEPTEMBER 26, 2011
Holy Mass at St. Mary's at 7:00 P.M.

### TUESDAY, SEPTEMBER 27, 2011
Feast Day of St. Vincent de Paul.
Holy Mass at St. Mary's at 7:00 P.M.

### WEDNESDAY, SEPTEMBER 28, 2011
Holy Mass at St. Mary's at 7:00 P.M.

### THURSDAY, SEPTEMBER 29, 2011
Archangels Michael, Gabriel, and Raphael.
Holy Mass and novena at St. Mary's at 7:00 P.M.

### FRIDAY, SEPTEMBER 30, 2011
Holy Mass at St. Mary's at 6:00 P.M.
Holy Mass at Sacred Heart at 7:00 P.M.
St. Joseph Koodara Yogam at 7:00 P.M. at the house of Stephen Chollampel, 7440 N. Kedvale Ave., Skokie. 847-674-7472.

### SATURDAY, OCTOBER 1, 2011
Feast Day of St. Theresa of Child Jesus (Little Flower).
Holy Mass and Novena at both churches at 10:00 A.M.
Religious Education Teachers' Training at St. Mary's Church from 2:00 P.M.
Syro-Malankara Holy Mass at 5:30 P.M. at St. Mary's Church.

### SUNDAY, OCTOBER 2, 2011
Feast Day of Guardian Angeles.
Holy Mass and Religious Education Classes at St. Mary's and Sacred Heart at 10:00 A.M.
English Holy Mass at 11:40 A.M. at both churches.
Holy Mass at St. Mary's Church at 5:30 P.M.

### MONDAY, OCTOBER 3, 2011
Holy Mass at St. Mary's at 7:00 P.M.
10 Day Rosary after Holy Mass Starts today at St. Mary's.

### TUESDAY, OCTOBER 4, 2011
Feast Day of St. Francis Assisi.
Holy Mass at St. Mary's at 7:00 P.M.
10 Day Rosary after Holy Mass at St. Mary's

### WEDNESDAY, OCTOBER 5, 2011
Holy Mass at St. Mary's at 7:00 P.M.

# സജിയച്ചന്റെ സന്ദേശം



## കൂദാശകളെ കുറച്ച് കാണുന്നുവോ?

എന്റെ പ്രിയ സഹോദരങ്ങളേ,

കൂദാശകൾ ക്രൂശിതനെ അറിയാനുള്ള കുറുക്കു വഴികളാണ്. കുറുക്കു വഴികൾ എപ്പോഴും എളുപ്പ വഴികളാകണമെന്നില്ല. അവ എളുപ്പ വഴികളാകണമെങ്കിൽ അവയെ നാം കൃത്യമായി അറിയണം. അറിവില്ലായ്മയും അലിവില്ലായ്മയും എപ്പോഴും അകലം കൂട്ടിക്കൊണ്ടേയിരിക്കും. ഈ അകലം എപ്പോഴും അപകടം വരുത്തിവയ്ക്കും. 1കൊറി 11:27ൽ പറയുന്നു. "ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരെ തെറ്റു ചെയ്യുന്നു." "നിങ്ങളിൽ പലരും രോഗികളും, ദുർബലരും, ആയിരിക്കുന്ന തിനും, ചിലർ മരിച്ചു പോയതിനും കാരണമിതാണ്." (1 കൊറി 11:30).

അയോഗ്യത എങ്ങനെയുണ്ടാകുന്നു? യോഗ്യത നഷ്ടപ്പെടുന്ന അവസ്ഥയാണല്ലോ അയോഗ്യത. യോഗ്യത എങ്ങനെ നഷ്ടപ്പെടുന്നു? പറുദീസായുടെ സമൃദ്ധിയിൽ ജീവിച്ച ആദി മാതാപിതാക്കൾ ഒരുനാൾ അയോഗ്യരായി. കാരണം തിന്നരുത്, പറിക്കരുത്, കൊടുക്കരുത് എന്നു പറഞ്ഞ മരത്തിന്റെ പഴം തിന്നു, പറിച്ചു, കൊടുത്തു. അനുസരണക്കേട് അയോഗ്യത വരുത്തിവച്ചു. അപ്പൻ പോലും എഴുതിത്തള്ളിയ ദാവീദ് മഹാരാജാവിന് അലിവുള്ളവൻ (ദൈവം) എഴുതി ഇരുത്തി. ഫലമോ അവൻ ഇസ്രായേലിന്റെ രാജാവായി. എന്നാൽ അവനും ഒരു നാൾ അയോഗ്യനായി. കാരണം അരുതാത്തത് ചെയ്യാൻ അവനിൽ മോഹമുണ്ടായി. കുളക്കരയിൽ കുളിച്ചുകൊണ്ടിരുന്നവളെ കൂട്ടിക്കൊണ്ടുവന്ന് കൂടെയിരുത്തി, കൂടെയുണ്ടായിരുന്നവനെ (ദൈവത്തെ) കുടിലിനു പുറത്താക്കി. ഫലമോ അവനും അയോഗ്യനായി. യൂദാസ് എന്ന ക്രിസ്തു ശിഷ്യൻ പണകിലുക്കത്തിന്റെ താളത്തിനൊത്ത് ചുവടുവച്ച്, പണം തരുന്നവനെ ഒറ്റിക്കൊടുത്ത് അയോഗ്യനായി. ഫലമോ തൂങ്ങിചത്തവൻ എന്ന പേരിനർഹനായി. കൂട്ടത്തിൽ പോയി മരിക്കാം എന്നു പറഞ്ഞ തോമ്മാശ്ലീഹാ കൂട്ടത്തിൽ നില്ക്കാതെ ഒറ്റയാനായി നടന്നപ്പോൾ കൂട്ടത്തിൽ ലഭിക്കേണ്ട സമാധാനം നഷ്ടപ്പെടുത്തി. ചുരുക്കത്തിൽ, അയോഗ്യത പലപ്പോഴും നമ്മുടെ തന്നെ സൃഷ്ടിയാണ്.

നിനക്ക് എപ്പോഴും യോഗ്യതയോടെ ഇരിക്കുന്നതിനുവേണ്ട ഉപാധികളാണ് കൂദാശകൾ. എപ്പോഴും കൂട്ടിനാളുണ്ട് എന്ന് ഉറപ്പു തരുന്ന സൂചനകളാണ് കൂദാശകൾ . എനിക്ക് കൂട്ടിന് എന്റെ അമ്മയുണ്ട് എന്ന് ഉറപ്പുള്ള കുഞ്ഞ് രോഗാവസ്ഥയിലും അസ്വസ്ഥനാവില്ലല്ലോ. വഴി തെറ്റാതിരിക്കാൻ കൂടെ എപ്പോഴും വഴി പറയുന്ന ഒരാൾ (ജി.പി.എസ്) ഉണ്ടെന്നുള്ള ഉറപ്പ് അസ്വസ്ഥത ഒഴിവാക്കുമല്ലോ. കൂദാശകൾ അദൃശ്യമായതിനെ സൂചിപ്പിക്കുകയും നല്കുകയും ചെയ്യുന്ന ദൃശ്യമായ അടയാളമാണ്. ലളിതമായി പറഞ്ഞാൽ, എനിക്ക് കാണാൻ, തൊടാൻ, അനുഭവിക്കാൻ പറ്റാത്തതിനെ സമീപസ്ഥമാക്കുന്ന അടയാളമാണ് കൂദാശ. ഈശോ പറഞ്ഞു. "നിങ്ങൾ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ." (യോഹന്നാൻ 20:29). ഈ കാണാതെ വിശ്വസിക്കാൻ, ഭാഗ്യവാന്മാരാകാനുള്ള അവസരം അതാണ് കൂദാശകൾ തരിക.

കൂദാശകളുടെ അന്തസത്ത ഇന്ന് ആർഭാടങ്ങളിൽ കുടുങ്ങി, മുങ്ങി താഴ്ന്നുകൊണ്ടിരിക്കുന്നു. തൊട്ടതിനും പിടിച്ചതിനുമൊക്കെ ആഘോഷങ്ങളുടെ പെരുമഴ പെയ്യിക്കാൻ പരിശ്രമിക്കുമ്പോൾ ഒഴുകി പോകുന്നത് കൂദാശകളുടെ അർത്ഥമാണ്. കൂദാശ ഒരിക്കലും മങ്ങി പോകുന്നില്ല. മറിച്ച്, മാറി പോകുന്നത്, അത് സ്വീകരിക്കുന്നവന്റെ കാഴ്ചപ്പാടുകളാണ്. വി. കുർബ്ബാന സ്വീകരണത്തിനു മുമ്പ് ഒരു മണിക്കൂറെങ്കിലും ഉപവസിച്ച് പ്രാർത്ഥിക്കണം എന്ന പാരമ്പര്യം ഉള്ള നമുക്ക്, ഊണു മേശയിൽ നിന്നും ഓടിയെത്തി "അലിയുന്നവന്റെ അപ്പം" ഭക്ഷിക്കാൻ മടിയില്ലാതായിരിക്കുന്നു. ചോദിച്ചാൽ പറയും ഇത്രയും സമയം നില്ക്കേണ്ടതല്ലേ. വയറ്റിൽ വല്ലതും ഇല്ലെങ്കിൽ തലകറങ്ങി വീണാലോ." ആദ്യകുർബ്ബാനയുടെ ആദ്യനാളുകളിലെങ്കിലും എല്ലാ ദിവസവും പള്ളിയിൽ പോയി കുർബ്ബാനയിൽ പങ്കെടുത്ത് ഉണർവ് നേടി ശീലിച്ചവർ അവരുടെ പിൻതലമുറയെ കഷ്ടിച്ച് ആദ്യകുർബ്ബാനയ്ക്ക് എത്തിക്കുന്ന അവസ്ഥ വന്നിരിക്കുന്നു. ഫലമോ ശരീരത്തിനും മനസ്സിനും ജീവിതത്തിനും യഥാർത്ഥത്തിൽ ലഭിക്കേണ്ട സുഖം ലഭിക്കാതെ പോകുന്നു.

എവിടെയാണ് പ്രശ്നം? ഇന്ന് നമ്മുടെ അവസ്ഥ സുഗന്ധം പൊഴിക്കുന്ന മാനിനു തുല്യമാണ്. സുഗന്ധം തന്റെ ശരീരത്തിൽ നിന്നുമാണ് വരുന്നതെന്ന് അറിയാതെ അന്വേഷിച്ച് അവൻ വട്ടം കറങ്ങുന്നു. ഫലമോ കറങ്ങി കറങ്ങി അവൻ കിറുക്കനായി തീരുന്നു. പ്രശ്നം നിന്നിൽ തന്നെയാണ് നീ തിരിച്ചറിയണം. നീയാരെന്നു തിരിച്ചറിഞ്ഞാൽ, നിന്നിലുള്ള പ്രശ്നം എന്തെന്നു മനസ്സിലായാൽ, നീറിപുകയുന്ന അവസ്ഥയിൽ നിന്നും മോചനം നിനക്ക് സ്വന്തമാക്കാം. കാലത്തിനൊത്ത് വേഷം മാറണം എന്നു പറയുമ്പോൾതന്നെ വേഷത്തിനൊത്ത ജീവിതം നീ സൃഷ്ടിക്കാൻ പരിശ്രമിക്കുമ്പോൾ നിന്നിലെ നിന്നെ നീ മറ്റു പലതിനും അടിമയാക്കുകയാണെന്ന് തിരിച്ചറിയണം. ലോകത്തിലെ സർവ്വചരാചരണങ്ങളേയും സൃഷ്ടിച്ച ദൈവം അവയെ മനുഷ്യന്റെ മുമ്പിൽ കൊണ്ടുവന്നു. മനുഷ്യൻ നല്കിയ പേരൊക്കെ അവയുടെ പേരായി. പക്ഷെ ഇന്നിന്റെ പ്രശ്നം അവൻ പേരിട്ടതൊക്കെ അവനെ അടിമയാക്കി എന്നതാണ്. നോക്കണം വേലിതന്നെ വിളവു തിന്നുന്നു. കൂദാശകളുടെ വിലയെ എന്റെ സ്വാർത്ഥതയാൽ കളഞ്ഞു നശിപ്പിക്കല്ലേ. ദൈവത്തിനുള്ളത് ദൈവത്തിനും, സീസറിനുള്ളത് സീസറിനും കൊടുക്കാം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. സജി പിണർകയിൽ

---

**നുറുങ്ങുവെട്ടം**

**ദൈവത്തെ സ്വീകരിക്കുന്ന കൂദാശകളിൽ ദൈവത്തിനു നിരക്കാത്തതു പാടുണ്ടോ?**



# വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക്



സജി പൂതൃക്കയിൽ

നമ്മുടെ രണ്ടു മതബോധന സ്കൂളുകളിലും വേദപാഠ ക്ലാസ്സുകൾ പുനഃരാരംഭിച്ചിരിക്കുകയാണല്ലോ. വിശ്വാസ പരിശീലനത്തിന് പ്രാധാന്യം നല്കികൊണ്ട് കുട്ടികൾക്ക് അറിവിന്റെ നിറവ് പകർന്നു നല്കുവാൻ നമ്മുടെ മതാദ്ധ്യാപകർ പ്രതിജ്ഞാബദ്ധരാണ്. അദ്ധ്യാപകർക്കൊപ്പം മാതാപിതാക്കൾക്കും വിശ്വാസ പരിശീലനത്തിൽ എങ്ങനെ പങ്കാളികളാകാം എന്ന് ചിന്തിക്കുന്നത് ഇത്തരുണത്തിൽ ഉചിതമായിരിക്കും.

കുടുംബം കുട്ടികളുടെ പ്രാഥമിക വിദ്യാലയമാണ്. മാതാപിതാക്കളാണ് കുട്ടികളുടെ പ്രാഥമിക അദ്ധ്യാപകർ. പരസ്പര സ്നേഹത്തിന്റെയും ഗുരുഭക്തിയുടെയും ദൈവ സ്നേഹത്തിന്റെയും, മാതൃ-പിതൃ സ്നേഹത്തിന്റെയും ബാലപാഠങ്ങൾ കുട്ടികൾ സ്വായത്തമാക്കേണ്ടത് കുടുംബങ്ങളിൽ നിന്നാണ്. അച്ചടക്കം, ക്ഷമ, കരുണ, കൃത്യനിഷ്ഠ തുടങ്ങിയ ഗുണങ്ങൾ പരിശീലിക്കേണ്ട പാഠകളരിയാണ് കുടുംബം. നമ്മുടെ കുട്ടികളുടെ ജീവിത യാത്രയിൽ അവർ വിജയങ്ങൾ നേടുമ്പോൾ അതിന്റെ അംഗീകാരം മാതാപിതാക്കൾക്കായിരിക്കും. ജീവിത യാത്രയിൽ കുട്ടികൾക്ക് വഴിതെറ്റിയാൽ ഒരു പരിധിവരെ അതിന്റെ ഉത്തരവാദിത്വവും മാതാപിതാക്കൾക്കായിരിക്കും.

ആഴ്ചയിൽ ഏതാനും മണിക്കൂറുകൾ മാത്രമാണ് മതാദ്ധ്യാപകർ കുട്ടികൾക്കൊപ്പം ചെലവഴിക്കുന്നത്. ആഴ്ചയുടെ ഏറിയകൂറും കുട്ടികൾ മാതാപിതാക്കൾക്കൊപ്പമാണ് കഴിയുന്നത്. കുട്ടികളുടെ ജീവിതം മെഴുക് പോലെയാണ്. എങ്ങനെ വേണമെങ്കിലും അതിനെ രൂപപ്പെടുത്തിയെടുക്കാം. കുട്ടികളിലേക്ക് നന്മയുടെ പ്രഭ ചൊരിയുവാനുള്ള അവസരമായി കുടുംബാന്തരീക്ഷത്തെ നാം മാറ്റണം. രണ്ടാം വത്തിക്കാൻ കൗൺസിൽ മാതാപിതാക്കളെ ഉദ്ബോധിപ്പിക്കുന്നു: "മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടവരും അവരെ വിശ്വാസം പഠിപ്പിക്കേണ്ടവരും മാതാപിതാക്കൾ തന്നെ. അവർ സ്വന്ത മാതൃകയാലും ഉപദേശത്താലും മക്കളുടെ ക്രിസ്തീയവും പ്രേഷിതവും ആയ ജീവിതത്തിന് രൂപം കൊടുക്കണം." (അല്മായ പ്രേഷിതത്വം 11).

നമ്മുടെ മതബോധന സ്കൂളുകളിലെ കുട്ടികൾ പഠനത്തിനായി ആരോഗ്യകരമായ മത്സരങ്ങൾ നേരിടുന്നത് ക്ലാസിലെ നിരവധി കുട്ടികളുമായാണ്. വർഷാവസാനം കുട്ടികളുടെ നിലവാരം വിലയിരുത്തുമ്പോൾ അദ്ധ്യാപകർക്ക് പലകാര്യങ്ങളും പരിഗണിക്കേണ്ടി വരുന്നു. പഠനത്തിന്റെ മികവ്, ഹാജർ നില, അച്ചടക്കം, കൃത്യനിഷ്ഠ, ഹോം വർക്കുകൾ, പ്രാർത്ഥനയോടുള്ള ആഭിമുഖ്യം, മറ്റു കുട്ടികളോടും അദ്ധ്യാപകരോടും ഉള്ള സമീപനം മുതലായ ഒട്ടേറെ കാര്യങ്ങൾ പരിഗണിച്ചാണ് കുട്ടികൾ വിലയിരുത്തപ്പെടുന്നത്. മേൽ പറഞ്ഞ പലകാര്യങ്ങളിലും തങ്ങളുടെ കുട്ടികളെ മുന്നിലെത്തിക്കുവാൻ മാതാപിതാക്കൾ ഉത്സാഹിക്കണം.

റഗുലർ സ്കൂളുകൾക്കൊപ്പം മതബോധന സ്കൂളുകൾക്കും തുല്യപ്രാധാന്യം നല്കേണ്ടിയിരിക്കുന്നു. ശനിയാഴ്ചത്തെ പാർട്ടികളുടെയും, സ്ലീപ്പ് ഓവറിന്റെയും, മൂവി നൈറ്റിന്റെയും, ക്ഷീണം മാറിയാൽ മാത്രം വേദപാഠക്ലാസ്സുകളിൽ കുട്ടികളെ അയച്ചാൽ മതി എന്ന ചിലരുടെ തെറ്റായ നയം മാറണം. നാം നിരുത്സാഹപ്പെടുത്തുന്ന അത്തരം ഓരോ നിമിഷവും മറ്റുകുട്ടികൾ മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുന്ന വിവരം നാം വിസ്മരിക്കരുത്. ഇടദിവസങ്ങളിലേപ്പോലെ തന്നെ ശനിയാഴ്ച രാത്രിയും കുട്ടികളെ നേരത്തെ ഉറക്കിയതിനു ശേഷം ആവശ്യമായ വിശ്രമം നല്കി ഞായറാഴ്ച രാവി ലെ പത്തുമണിക്ക് മുമ്പായി പള്ളിയിൽ എത്തിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ. ക്ലാസ്സുകൾക്ക് മുമ്പും ശേഷവും പാഠഭാഗങ്ങളെപ്പറ്റി കുട്ടികളുമായി ചർച്ചചെയ്യുന്നതു നന്നായിരിക്കും. ആവശ്യമെങ്കിൽ പഠിപ്പിക്കുക. ഹോം വർക്കുകൾ ചെയ്തു എന്ന് ഉറപ്പുവരുത്തുക. ഞായറാഴ്ചത്തെ സുവിശേഷ ഭാഗങ്ങൾ നേരത്തെ തന്നെ കുട്ടികളെ വായിപ്പിക്കുക. അകാരണമായി ക്ലാസ്സിൽ വരാതിരിക്കുന്നത് ഒഴിവാക്കുക. ക്ലാസ്സ് ടെസ്റ്റുകൾക്കും യൂണിറ്റ് ടെസ്റ്റുകൾക്കും കുട്ടികളെ ഒരുക്കുക. ചെറുപ്രായത്തിൽ തന്നെ പരമാവധി പ്രാർത്ഥനകൾ മന:പാഠമാക്കിക്കുക. പഠനോപകരണങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുക. അങ്ങനെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിന് ഏറെ പ്രാധാന്യം നല്കുന്ന ഏറെ മാതാപിതാക്കൾ നമ്മുടെ ഇടയിൽ ഉണ്ടെന്നത് അഭിനന്ദനാർഹമാണ്.

ഞായറാഴ്ചകളിൽ നമ്മുടെ സ്വന്തം ഇടവകയിൽ പെട്ട, നമ്മുടെ തന്നെ കുട്ടികളോടൊപ്പം വേദപാഠക്ലാസ്സുകളിൽ ഇരിക്കുകയും കുർബ്ബാനയിൽ പങ്കെടുക്കുകയും ചെയ്യുന്നതു തന്നെ ഒരു ഭാഗ്യമായി കരുതി നമ്മുടെ കുട്ടികളെ അതിനായി ഒരുക്കുക. പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ മാതാപിതാക്കളോടായി പറയുന്നത് ശ്രദ്ധിക്കുക: "നിങ്ങളെ ഞാൻ ബഹുമാനിക്കുന്നു. അത് നിങ്ങൾ നിങ്ങളുടെ മക്കൾക്ക് ജന്മം നല്കിയതുകൊണ്ടു മാത്രമല്ല, അവരെ ദൈവ വിശ്വാസത്തിൽ വളർത്തുന്നതുകൊണ്ടുമാണ്."

രവീന്ദ്രനാഥ ടാഗോർ ഒരിക്കൽ പാടി: "കൂടലങ്കരിച്ച്, പക്ഷെ കൂട്ടിലെ കിളികൾ പറന്നുപോയി." നമ്മുടെ കുടുംബമാകുന്ന കൂട് വിയർപ്പൊഴുക്കി നാം നമ്മുടെ കുട്ടികൾക്കായി അലങ്കരിച്ചുവയ്ക്കുമ്പോൾ അവർ പറന്നുപോകാതിരിക്കണമെങ്കിൽ, അവരെ കുടുംബത്തോടും സഭയോടും സമുദായത്തോടും ചേർത്തുനിർത്തണം. നമ്മുടെ കുട്ടികളുടെ പ്രാഥമിക വിദ്യാലയമായ കുടുംബത്തിലെ പ്രധാന അദ്ധ്യാപകരായ മാതാപിതാക്കൾ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കുമ്പോൾ കുടുംബമാകുന്ന കൂട്ടിലെ കുട്ടികളാകുന്ന കിളികൾ നമ്മോട് ചേർന്നുനില്ക്കും. നമ്മുടെ സ്വന്തം ദേവാലയങ്ങളും മതബോധനസ്കൂളുകളും നമ്മുടെ കുട്ടികളുടെ സ്വഭാവരൂപീകരണത്തിനുള്ള അച്ചുകളായി മാറട്ടെ. ചിക്കാഗോയിൽ തെളിയുന്ന വിശ്വാസപരിശീലനത്തിന്റെ ആത്മീയ പ്രഭ ലോകമെമ്പാടും പ്രകാശിക്കട്ടെ. പ്രഭ പരത്തുന്ന ദീപങ്ങളായി അദ്ധ്യാപകർക്കൊപ്പം മാതാപിതാക്കൾക്കും അഭിമാനത്തോടെ കൈകോർക്കാം.

**STATISTICS OF OUR REL. EDU. SCHOOLS**

| SCHOOLS | SACRED HEART | ST. MARY'S | TOTAL |
|---|---|---|---|
| Students | 208 | 445 | **653** |
| Staff (mostly youth) | 79 | 75 | **154** |
| **TOTAL** | | | **807** |

# കൊന്ത പത്ത്

കൊന്തമാസമായ ഒക്ടോബറിൽ നമ്മുടെ രണ്ടു പള്ളികളിലും പത്തു ദിവസം വീതം കൊന്ത നമസ്കാരം ഉണ്ടായിരിക്കും.

സേക്രഡ് ഹാർട്ട് പള്ളിയിൽ ഒക്ടോബർ 7 മുതൽ 16 വരെ തീയതികളിലായിരിക്കും കൊന്തപത്ത് ആചരിക്കുക. തിങ്കൾ മുതൽ വെള്ളിവരെ വൈകുന്നേരം 7:00നും ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും രാവിലെ 10:00നും കുർബ്ബാനയ്ക്കു ശേഷമായിരിക്കും കൊന്ത ചൊല്ലുന്നത്. ഞായറാഴ്ചകളിൽ കൊന്ത പ്രാർത്ഥനാ ഗ്രൂപ്പിന്റെയും ലീജിയൺ ഓഫ് മേരിയുടെയും നേതൃത്വത്തിൽ ഹോളിലായിരിക്കും.

സെന്റ് മേരീസ് പള്ളിയിൽ ഒക്ടോബർ 3 മുതൽ 7 വരെയും 10 മുതൽ 14 വരെയും (തിങ്കൾ മുതൽ വെള്ളി വരെ) വൈകുന്നേരം 7:00ന്റെ കുർബാനയെ തുടർന്ന് ജപമാല അർപ്പിക്കും.

രണ്ടു സ്കൂളിലെയും കുട്ടികളുടെ കൊന്ത ഇംഗ്ലീഷിൽ വേദപാഠക്ലാസ്സിൽ മതാദ്ധ്യാപകരുടെ നേതൃത്വത്തിലായിരിക്കും. ഏഴാം തീയതിയാണ് ജപമാല രാജ്ഞിയുടെ തിരുന്നാൾ ദിവസം. ഏതെങ്കിലും ദിവസം സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്നവർ അതാതു പള്ളിയുടെ കൈക്കാരന്മാരെ ദയവായി വിവരം അറിയിക്കുക.




## വി. യൂദാശ്ലീഹായുടെ തിരുനാൾ



വിശുദ്ധ യൂദാസ് ശ്ലീഹായുടെ തിരുന്നാൾ മോർട്ടൻ ഗ്രോവിലെ നമ്മുടെ സെന്റ് മേരീസ് പള്ളിയിൽ ഈ വർഷം ഒക്ടോബർ 27 വ്യാഴാഴ്ച വൈകുന്നേരം 7:00ന് ചെറിയ തിരുന്നാളായി ആഘോഷിക്കുന്നതാണ്. തിരുന്നാളിന് ഒരുക്കമായി ഒക്ടോബർ 19 മുതൽ 27 വരെ തുടർച്ചയായി വിശുദ്ധ കുർബാനയെ തുടർന്ന് നൊവേനയുണ്ടായിരിക്കും. ഓരോ ദിവസത്തെയും നൊവേന താല്പപര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്.

## MANDATORY TEACHERS TRAINING

There will be a mandatory teachers (Adults and Youth) training at St. Mary's Church in Morton Grove on Saturday, October 1st from 2:00 P.M. to 6:00 P.M.

Only those who attend this training will be permitted to teach or serve as volunteers.

## Sacred Heart Religious Education School Presents Bible Reading Program (2011-2012)

- ☑ 52 Weeks Bible Reading Program (Sept 25th 2011 to Sep 23rd 2012) for CCD Students.
- ☑ For Children Aged 7-10 (2nd Grade to 5th Grade).
- ☑ Registration Fee $15 (Special designed Catholic Bible and other materials included in the fee).
- ☑ Each Registered Child should read the assigned topic from "My First Catholic Bible" for 10-12 mins (5 days a Week / Total 260 days an Year).
- ☑ Bible Reading time can incorporate with 30 mins regular school reading program.
- ☑ Assigned CCD Teachers will monitor the Reading Program on weekly basis.

**Coordinators:** Sabu Mutholam, Jojo Perumanathettu, Joy Pullorkunnel, Joby Ethithara, Regina Madayanakavil, Ancy Chelackal & Manju Chakariyamthadathil.




## കൂടാരയോഗം ബൈബിൾ ക്വിസ് മത്സരം

ഷിക്കാഗോ സെന്റ് മേരീസ്, സേക്രഡ് ഹാർട്ട് പള്ളികളുടെ എല്ലാ കൂടാരയോഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് നവംബർ 27 ഞായറാഴ്ച സെന്റ് മേരീസ് പള്ളിയിൽവെച്ച് രാവിലെ 10:00നുള്ള കുർബാനയെ തുടർന്ന് പ്രാർത്ഥനാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ബൈബിൾ ക്വിസ് നടത്തുന്നതാണ്. വിഷയം: വി. ലൂക്കായുടെ സുവിശേഷം, സീറോ മലബാർ സഭ, ക്നാനായ സമുദായം.

റജിസ്ട്രേഷനും വിശദ വിവരങ്ങൾക്കും കോർഡിനേറ്റർ സാബു മഠത്തിൽപറമ്പിലുമായി ബന്ധപ്പെടുക. ഫോൺ: 847-276-7354.




## PREMARRIAGE COURSE IN OCTOBER

The next pre-marriage course by the Family Commission of the Knanaya Catholic Region shall be held at Sacred Heart Church, Chicago from Friday October 21st evening to Sunday 23rd evening. For reservation, please contact Tonny Pullappally at at 630-205-5078 or e-mail: tonnyjohn@hotmail.com

## YOUTH MINISTRY RETREAT FOR OUR BOTH KNANAYA PARISHES

**For Youth of Age 15 to 20 From December 27th to 31st 2011**

**At Bishop Lane Retreat Center, Rockford, IL**

***Please register with Youth Ministry Coordinators of our Knanaya parishes.***



Class on Vocology by Rev. Dr. Paul Poovathumkal at Sacred Heart Church.



Onam Celebration at Sacred Heart church sponsored by Women Ministry.

## APPLE AND GRAPE PICKING

The pilgrimage committee of Sacred Heart Knanaya Catholic Parish has arranged a trip to Michigan for Apple and Grape picking on Saturday, October 1st. A visit to Holy Hill Church is also included in the program. For details and reservations, please contact Thambi Chemmachel at 630-788-6486 or Sunny Indikuzhy: 630-674-7869



## APPLE PICKING BY ST. MARY'S

Mens' ministry of St. Mary's Knanaya Catholic Church has arranged an Apple picking tour to Apple Holler, 5006 S. Sylvania Ave., Sturtevant, WI 53177 on this Sunday, September 25th after children Mass. Bus is available for $10. Entrance fee will be $12 per person. For reservations, please contact men ministry coordinators or trustees.



**READINGS & READERS** ഏലിയാ-ശ്ലീവാ-മൂശാക്കാലം **(Second Sunday of the Cross)**

| SEP. 25 | READINGS | S. H. 10:00 A.M. | S. H. 11:40 A.M. | ST. MARY'S 10:00 | ST. MARY'S 11:40 |
|---|---|---|---|---|---|
| 1ST | Deut. 9:1-8 | Simon Vettathukandathil | Nicole Ellankiyil | Mannu Thirunelliparambil | Shawn Mullappally |
| 2ND | Phil. 3:1-11 | Gracy Vachachira | Arun Kothaladiyil | Antony Valloor | Jincy Aikaraparambil |
| GOSPEL | Math 17:14-27 | Everything is possible for those who believe. | | | |

**READINGS & READERS** ഏലിയാ-ശ്ലീവാ-മൂശാക്കാലം **(Third Sunday of Cross)**

| OCT. 2 | READINGS | S. H. 10:00 A.M. | S. H. 11:40 A.M. | ST. MARY'S 10:00 | ST. MARY'S 11:40 |
|---|---|---|---|---|---|
| 1ST | Is. 26:1-19 | Shibu Mulayanikunnel | Jithin Chemmalakuzhy | Shirley Nellamattom | Athul Kunnathukizhakethil |
| 2ND | Phil. 4:4-9 | Lucy Chakkalapadavil | Anjali Mutholam | John Elakkatt | Jerrin Kizhakkekuttu |
| GOSPEL | Mt. 15:21-28 | Jesus who does miracles | | | |

## OFFICE BEARERS AND REPRESENTATIVES OF
# St. Alphonsa Koodara yogam

Areas covered: Bloomingdale, Roselle, Glendale Heights, Carol Stream.
Convener: Jimmy Kaniyaly
Secretary: Cyriac Keezhangattu
Treasurer: Santhosh Kalarikkalparambil
Parish Council Member: Alex Kannachanprambil
Entertainment Coordinator: Lucy Kaniyaly
Children Prayer Coordinator: Jithin Kaniyaly
Senior Citizen's Ministry area coordinator: Mathew Keezhangattu
Men Ministry area coordinator: Joy Varakukalayil
Women Ministry area coordinator: Annie Varakukalayil
Youth Ministry area coordinator: Shefy Kannachanparambil
Teens Ministry area coordinator: Princy Oppoottil
Children Ministry area coordinator: Silby Kalarikkalparambil
Infant Ministry area coordinator: Sona Keezhangattu
Prayer Group area coordinator: Reethamma Accathara
St. Vincent de Paul area coordinator: Sunny Mookkattu
Legion of Mary area coordinator: Lucy Keezhangattu
Agape area coordinator: Rosely Kannachanparambil
Month of Adoration on First Friday at Sacred Heart Church: July

## സെമിത്തേരി ഡിസ്കൗണ്ട് സെപ്റ്റംബർ 30 വരെ മാത്രം

സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളിയ്ക്കു സമീപം നൈൽസിലെ മേരിഹിൽ സെമിത്തേരിയിൽ നമുക്ക് അനുവദിച്ചിരിക്കുന്ന ഭാഗത്ത് കുടുംബങ്ങൾക്ക് റിസർവ്വ് ചെയ്യുന്നതിനുള്ള ഡിസ്കൗണ്ട് നിരക്ക് നമ്മുടെ പ്രത്യേക അഭ്യർത്ഥനപ്രകാരം സെപ്റ്റംബർ 30 വരെ നീട്ടിയിരിക്കുന്നു. പിന്നീട് ആ സ്ഥ ലത്ത് ഗ്രേവ്സ് വാങ്ങാമെങ്കിലും പതിവു നിരക്ക് കൊടുക്കേണ്ടിവരും. അതിനാൽ, ഇനിയും ബുക്കു ചെയ്യാത്തവർ, ഈ കുറഞ്ഞ നിരക്കു പ്രയോജനപ്പെടുത്തുവാൻ പീറ്റർ കുളങ്ങരയെയോ ജോണിക്കുട്ടി പിള്ളവീട്ടിലിനെയോ സമീപിക്കുക.




## OFFERINGS — Sept. 18

| OFFERINGS | Sept. 18 |
|---|---|
| **ST. MARY'S, MORTON GROVE** | |
| St. Jude Novena Offering | 191.00 |
| Sunday 10:00 A.M. Mass | 832.00 |
| Sunday Children Mass | 58.00 |
| Evening Mass at 5:30 P.M. | 223.00 |
| Wedding Donation | 150.00 |
| Sponsors: Anniversary Tent | 250.00 |
| Main Feast: Auction due | 110.00 |
| Religious Education Registration | 2,800.00 |
| Fund Rising | 500.00 |
| Monthly Pledge | 8,765.00 |
| Front Elevations sponsors | 2,750.00 |
| Building Fund | 125.00 |
| **TOTAL ST. MARY'S** | **16,754.00** |
| **SACRED HEART, MAYWOOD** | |
| Sunday 10:00 A.M. Mass | 1,781.00 |
| Children Mass | 29.00 |
| Guadalupe Shrine | 85.00 |
| Building Fund | 956.00 |
| Building Fund: Piggy Bank | 500.00 |
| Bulletin Advertisement | 180.00 |
| Religious Education Fee | 18,775.00 |
| **TOTAL SACRED HEART** | **22,306.00** |
| **AGAPE MOVEMENT** | |
| St. Mary's Store | 251.00 |
| Raffle at St. Mary's | 390.00 |
| Auction St. Mary's due | 62.00 |
| Donation Box | 67.50 |
| Personal Charity | 20.00 |
| Bulletin Donation | 75.00 |
| **TOTAL AGAPE** | **865.50** |





Congratulations to Shaji Edattu, George Thottapuram and other leaders of KCCNA Convention.

SHARLOG & SKIBA AGENCY INC.
Julie Wasowicz
1325 Remington Rd., Suite D, Schaumburg, IL 60173
Off. 847/670-9200 Fax 847/670-9278
Cell 708/846-3590
Email: jwasowicz@sharlogskiba.com

SH Rental Inc.
654 Western lane, Addison IL 60101
(630)-290-8756 or (847)-867-1848
Luxury van available for rent
Great for:
• Weddings
• Family vacations
• Long trips
For daily/weekly rate, please call Roy Kannothara






As Life Changes, So Do Your Financial Needs



Sibu Mathew
Financial Services Representative
Registered Representative
2650 Warrenville Rd S-100,
Downers Grove, IL 60515
(224)425-3625
smathew2@metlife.com



Call Sibu today at (224) 425-3625
For the if in life.®
MetLife
Securities products, Investment Advisory Services, and Fee Based Financial Planning offered through MetLife Securities, Inc. (MSI) Member FINRA/SIPC. A Registered Investment Adviser. MLIC and MSI are MetLife Companies.
L1010138816[exp1012][All States][DC] 0709-5871 ©UFS

